# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1560** **11/2/2013**-ൽ മറുപടിക്ക്

<u>പത്മനാഭപുരം കൊട്ടാരം.</u>

<u>ചോദ്യം</u>

ശ്രീ. പി. തിലോത്തമൻ.

<u>ഉത്തരം</u>

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും
ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കന്യാകുമാരിജില്ലയിലെ തക്കലയിൽ കേരള ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള പത്മനാഭപുരം കൊട്ടാരം മ്യൂസിയമായി പ്രവർത്തിക്കുന്നത് മൂലം സംസ്ഥാന സർക്കാരിന് പ്രതിവർഷം ലഭിക്കുന്ന വരുമാനം എത്രയാണ് ; ഇതിൽനിന്നും തമിഴ് നാട് സർക്കാരിന് എന്തെങ്കിലും വിഹിതമായി നൽകുന്നുണ്ടോ; വിശദമാക്കുമോ ; | (എ) | തക്കല പത്മനാഭപുരം കൊട്ടാരത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ആകെ 1,35,55,003/-(ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷത്തി അമ്പത്തയ്യായിരത്തി മൂന്ന് രൂപ ) രൂപ ടിക്കറ്റ് വരുമാനമായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക Inter State Suspension Account, Kerala എന്ന അക്കൗണ്ടിൽ, തക്കല ട്രഷറിയിൽ ഒടുക്കി വരുന്നുണ്ട്. തമിഴ് നാടുമായിട്ടുള്ള കരാർ പ്രകാരം 50% തുക ബുക്ക് ക്രമീകരണത്തിലൂടെ തമിഴ് നാടിന് ലഭിക്കുന്നുണ്ട്. |
| (ബി) | ഇവിടെ നിലവിൽ എത്ര ജീവനക്കാർ ഉണ്ട്; സ്ഥിരം ജീവനക്കാർ എത്ര; താല്ക്കാലിക ജീവനക്കാർ എത്ര ; ജീവനക്കാരെ എപ്രകാരമാണ് നിയമിക്കുന്നത് ; വിശദമാക്കുമോ ; | (ബി) | കൊട്ടാരത്തിൽ നിലവിൽ 50 ജീവനക്കാരുണ്ട്. ഇവരിൽ 41 പേർ സ്ഥിരം നിയമനം ലഭിച്ചവരാണ്. എസ്റ്റാബ്ളിഷ് മെന്റ് ജീവനക്കാരെ കേരളാ പി.എസ്.സി മുഖാന്തിരവും പാർട് ടൈം സ്വീപ്പർമാരെ നാഗർകോവിൽ എംപ്ളോയ് മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവുമാണ് നിയമിക്കപ്പെടുന്നത്. സെക്യൂരിറ്റി ജീവനക്കാരെ കേരള പോലീസിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നു. |
| (സി) | കൊട്ടാരത്തിൽ സന്ദർശനത്തിന് എത്തുന്നവരുടെ ചെരിപ്പുകൾ സൂക്ഷിക്കുന്നതിന് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന് രസീത് നൽകാറുണ്ടോ ; രസീത് നൽകുന്നില്ലെങ്കിൽ | (സി) | ഉണ്ട്. ചെരിപ്പ് സൂക്ഷിക്കുന്നതിനുള്ള കൗണ്ടറിന്റെ അവകാശം വർഷാവർഷം ലേലം ചെയ്ത് കരാറിന് നൽകിയിട്ടുള്ളതാണ്. ഒരു ജോടി ചെരുപ്പിന് ഒരു രൂപ എന്ന് |

| | | | |
|---|---|---|---|
| | പിരിച്ചെടുക്കുന്ന തുക ഏപ്രകാരം, ഏത് അക്കൗണ്ടിൽപ്പെടുത്തുമെന്ന് അറിയിക്കുമോ; നിയമപരമായി പണം പിരിക്കുന്നില്ലെങ്കിൽ പ്രസ്തുത വിവരം പരസ്യപ്പെടുത്തുമോ ; | | നിജപ്പെടുത്തിയിട്ടുണ്ട്. ആയത് Inter State Suspension Account, Kerala എന്ന അക്കൗണ്ടിൽ ഒടുക്കുന്നുണ്ട്. ഇതിന് പ്രത്യേക രസീത് നൽകി വരുന്നില്ല. |
| (ഡി) | തക്കല കൊട്ടാരത്തിന്റെ ചരിത്ര പ്രധാന്യം വിവരിച്ച് ഓരോ മേഖലയുടെ പ്രാധാന്യവും പ്രത്യേകതകളും ചിത്രങ്ങൾ സഹിതം രേഖപ്പെടുത്തിയ ലഘുലേഖകൾ കൊട്ടാരത്തിന്റെ കവാടത്തിൽതന്നെ സന്ദർശകർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.